*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

217th Issue - Volume 5, **ജാഗ്രത** 31st December 2011

**" നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ; നന്മയെ മുറുകെപ്പിടിക്കുവിൻ നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നില്ക്കുവിൻ. "**

(പത്രോസ് 3:18)



St. John the Apostle

## പ്രധാന വാർത്തകൾ

ദൈവഹിതം അനുസരിച്ചു ജീവിക്കുമ്പോൾ ദൈവജനം പ്രേഷിതരാകും: മാർ ജോർജ് ആലഞ്ചേരി

---

വൈദികർ സ്നേഹ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർ: മാർ ജേക്കബ് മനത്തോടത്ത്

---

അനുഗ്രഹം അവകാശമാക്കുന്നതിനായി തിന്മയെ വെടിയണം: മാർ ബോസ്കോ പുത്തൂർ

---

ദൈവസ്നേഹം പങ്കുവയ്ക്കുവാൻ ഏവരും ബാധ്യസ്ഥരാണെന്ന് ഡോ.ജോസഫ് മാർ തോമസ്

---

വ്യക്തിജീവിതത്തിലെ ദൈവാനുഭവം തിരിച്ചറിഞ്ഞു പങ്കുവയ്ക്കണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

---

വിശുദ്ധ കുർബാന ദൈവത്തിലേക്കുള്ള വഴി: മാർ പോൾ ആലപ്പാട്ട്

---

## ജാഗ്രതാ വാർത്ത

കാഴ്ചത്തകരാറും തലവേദനയും

## ചരിത്ര ജാഗ്രത

വിശുദ്ധ എവുപ്രാസ്യാ

## വാരാന്ത്യവീക്ഷണം

മതസ്വാതന്ത്ര്യം, മത വിരുദ്ധത, മത മൗലികവാദം.

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## ദൈവഹിതം അനുസരിച്ചു ജീവിക്കുമ്പോൾ ദൈവജനം പ്രേഷിതരാകും: മാർ ജോർജ് ആലഞ്ചേരി



ദൈവത്തിന്റെ ഹിതമനുസരിച്ച് ജീവിക്കുമ്പോൾ ദൈവജനം പ്രേഷിതരായി മാറുമെന്നു സീറോ മലബാർസഭ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി. വിശുദ്ധ അൽഫോൻസാ നഗറിൽ സീറോ മലബാർസഭയുടെ പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി നടന്ന ചിൽഡ്രൻസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ജോർജ് ആലഞ്ചേരി. സഭയുടെ കുഞ്ഞുമിഷനറിമാരുടെ സംഗമം സീറോ മലബാർ സഭയ്ക്ക് ആനന്ദത്തിന്റെ സുദിനമാണ്. സഭയുടെ ഭാവി വാഗ്ദാനങ്ങളാണു കുട്ടികൾ. സ്വർഗത്തിൽ തന്റെ പേരെഴുതിവയ്ക്കുന്നതിനുള്ള അതിയായ ദാഹം ഓരോ കുഞ്ഞുമിഷനറിക്കും ഉണ്ടായിരിക്കണം. ഇതിനുവേണ്ടി പ്രാർഥിക്കുന്നതോടൊപ്പം അധികാരികൾക്കും മാതാപിതാക്കൾക്കും കീഴ്പ്പെട്ടു ജീവിക്കുകയും ഉത്തരവാദിത്വങ്ങൾ കൃത്യതയോടെ നിർവഹിക്കുകയും ചെയ്യണമെന്നു മേജർ ആർച്ച് ബിഷപ് പറഞ്ഞു. തന്റെ ബാല്യകാലത്ത് മിഷൻലീഗ് അംഗമായി ബാഡ്ജ് ധരിച്ച് മിഷനുവേണ്ടി പ്രാർഥിക്കുകയും സാമ്പത്തികസഹായം നൽകുകയും സേവനങ്ങൾ നടത്തുകയും ചെയ്ത കാര്യങ്ങൾ മേജർ ആർച്ച് ബിഷപ് കുട്ടികളുമായി പങ്കുവച്ചു.

## വൈദികർ സ്നേഹ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർ: മാർ ജേക്കബ് മനത്തോടത്ത്



ജനത്തിന് സ്നേഹശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരാണ് വൈദികരെന്നും ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി തീർന്ന് ദൈവിക സ്നേഹം സമൂഹത്തിൽ ജ്വലിപ്പിക്കുന്നവരായി ഓരോ വൈദികരും മാറണമെന്നും പാലക്കാട് രൂപതാ ബിഷപ് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. ഇളവംപാടം സെന്റ് തോമസ് പള്ളി ഇടവകാംഗമായ ഡീക്കൻ ലിനോ ഇമ്മട്ടിയുടെ തിരുപ്പട്ട സ്വീകരണ ശുശ്രൂഷയ്ക്കിടെ സന്ദേശം നല്കുകയായിരുന്നു ബിഷപ്. ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നതിന് പുരോഹിതർ അഭിഷിക്തരാകുന്നു. ബലിയർപ്പണം നടക്കുന്നില്ലെങ്കിൽ സഭയ്ക്ക് നിലനില്പില്ല. ദൈവജനത്തിനുവേണ്ടി ദൈവിക കാര്യങ്ങൾക്കായി ദൈവം നിയന്ത്രിക്കുന്നവരാണ് പുരോഹിതരെന്നും ബിഷപ് കൂട്ടിച്ചേർത്തു. നല്ല വൈദികർ ഉണ്ടാകാൻ ദൈവജനം പ്രാർഥിക്കണം. കുടുംബങ്ങളിൽനിന്ന് മക്കളെ വൈദിക അന്തസിലേക്ക് അയയ്ക്കാൻ പ്രാർഥനയോടെ താത്പര്യമെടുക്കണം- ബിഷപ് പറഞ്ഞു. ഡീക്കൻ ലിനോ ഇമ്മട്ടി ഇടവകയിലെ രണ്ടാമത്തെ വൈദികനാണ്. നേരത്തെ ഇടവകവികാരി ഫാ. ജോഷി ചക്കാലക്കലിന്റെ നേതൃത്വത്തിൽ ഇടവകജനം ബിഷപ്പിനെയും നിയുക്ത വൈദികനെയും വാദ്യമേളങ്ങളുടെ അകമ്പടിയോടെ ദേവാലയത്തിലേക്ക് സ്വീകരിച്ചു.

## അനുഗ്രഹം അവകാശമാക്കുന്നതിനായി തിന്മയെ വെടിയണം: മാർ ബോസ്കോ പുത്തൂർ



അനുഗ്രഹം അവകാശമാക്കുന്നതിനായി തിന്മയെ വെടിയണമെന്ന് സീറോ മലബാർ സഭ കൂരിയ മെത്രാൻ മാർ ബോസ്കോ പുത്തൂർ. പത്തൊൻപതാമത് മരുത്തോർവട്ടം ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രേക്ഷിത വർഷത്തിൽ ദൈവവിളിക്കായും പീഡനം അനുഭവിക്കുന്ന പ്രേക്ഷിതർക്കായും പ്രാർഥിക്കണമെന്ന് ബിഷപ് ഓർമ്മിപ്പിച്ചു. മരുത്തോർവട്ടം വിശുദ്ധ സെബസ്ത്യാനോസ് പള്ളിയങ്കണത്തിൽ കൺവെൻഷനുമുന്നോടിയായി നടന്ന ബൈബിൾ പ്രതിഷ്ഠാ കർമ്മം ചേർത്തല മുട്ടം ഫൊറോനാ വികാരി ഫാ.സെബാസ്റ്റ്യൻ മാണിക്കത്താൻ നിർവഹിച്ചു. അഞ്ചുദിവസങ്ങളിലായി നടക്കുന്ന ബൈബിൾ കൺവെൻഷന് ഫാ.ഫ്രാൻസീസ് കർത്താനം വി.സി. യാണ് നേതൃത്വം നൽകുന്നത്. ഫാ.മാത്യു നായ്ക്കംപറമ്പിൽ വി.സി., ഫാ.ജോർജ്ജ് പനയ്ക്കൽ വി.സി., ഫാ.ആന്റണി പയ്യപ്പള്ളി വി.സി., ഫാ.അഗസ്റ്റിൻ മുണ്ടയ്ക്കാട്ട് വി.സി., ഫാ.മാത്യു തടത്തിൽ വി.സി., എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**ദൈവസ്നേഹം പങ്കുവയ്ക്കുവാൻ ഏവരും ബാധ്യസ്ഥരാണെന്ന് ഡോ.ജോസഫ് മാർ തോമസ്**



ദൈവസ്നേഹം മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാൻ ഏവരും ബാധ്യസ്ഥരാണെന്ന് ബത്തേരി രൂപതാധ്യക്ഷൻ ബിഷപ് ഡോ. ജോസഫ് മാർ തോമസ്. മണിമൂളി ക്രിസ്തുരാജ ഫൊറോന പള്ളിയിൽ നടക്കുന്ന നിലമ്പൂർ അഭിഷേകാഗ്നി കൺവൻഷനിൽ വചനസന്ദേശം നൽകുകയായിരുന്നു ബിഷപ്. സെഹിയോൻ ധ്യാന കേന്ദ്രം ഡയറക്ടർ ഫാ.സേവ്യർഖാൻ വട്ടയിലാണ് കൺവൻഷന് നേതൃത്വം നൽകുന്നത്. ഫാ. സാജൻ എരഞ്ഞിക്കൽ കുർബാന അർപ്പിച്ചു.

**വ്യക്തിജീവിതത്തിലെ ദൈവാനുഭവം തിരിച്ചറിഞ്ഞു പങ്കുവയ്ക്കണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**



വ്യക്തിജീവിതത്തിൽ ദൈവാനുഭവങ്ങൾ തിരിച്ചറിഞ്ഞ് അതു പങ്കുവയ്ക്കുന്നവരായി നാം മാറേണ്ടതുണ്ടെന്ന് എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ക്രിസ്മസ്-പുതുവത്സര ആഘോഷവും കുടുംബസംഗമവും കലൂർ ല്യൂമെൻ ജ്യോതിസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തെക്കുറിച്ചു പങ്കുവയ്ക്കാൻ ഒന്നുമില്ലെങ്കിൽ ഒരു വ്യക്തിയുടെ മറ്റ് അറിവുകളെല്ലാം നിരർഥകമാണ്. ഏതു സാഹചര്യങ്ങളിലും എല്ലാവർക്കും സമാധാനം ആശംസിക്കാൻ നമുക്കാവണം. സഭയിലും സമൂഹത്തിലും രൂപപ്പെടേണ്ട മാറ്റങ്ങളെക്കുറിച്ചു തുറന്നു സംവദിക്കാൻ എല്ലാ അല്മായർക്കും കടമയുണ്ടെന്നും മാർ എടയന്ത്രത്ത് ഓർമിപ്പിച്ചു. സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് സിറിയക് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ജീവിതത്തിൽ ദൈവത്തെയും മനുഷ്യരെയും തേടിച്ചെല്ലുന്ന സ്നേഹത്തിന്റെ മനോഭാവം നാം വളർത്തിയെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഓരോ വ്യക്തിയോടും അനുരഞ്ജനത്തിന്റെ നിലപാട് സ്വീകരിക്കണം. അനുരഞ്ജനം നമ്മെ ദൈവമക്കളാക്കി മാറ്റുന്ന നന്മയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**വിശുദ്ധ കുർബാന ദൈവത്തിലേക്കുള്ള വഴി: മാർ പോൾ ആലപ്പാട്ട്**



വിശുദ്ധ കുർബാന വിശ്വാസികൾക്ക്മാത്രം ഉള്ളതാണെന്ന് രാമനാഥപുരം രൂപത ബിഷപ് മാർ പോൾ ആലപ്പാട്ട് ഉത്ബോധിപ്പിച്ചു. കാരാകുർശി സെന്റ്മേരീസ് പള്ളിയിലെ ഇടവക തിരുനാളാഘോഷത്തിന്റെയും സുവർണജൂബിലി സമാപനാഘോഷത്തിന്റെയും ഭാഗമായി നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ബിഷപ്. കൂദാശ സ്വീകരിക്കുക എന്നത് ദൈവത്തിന്റെ കൃപയാണ്. ആയതിനാൽ ഇതു സ്വീകരിക്കാൻ ഓരോ വിശ്വാസിയും തയ്യാറാകണം. വിശുദ്ധ കുർബാനയിൽ പങ്കുചേരുന്നതുവഴി ദൈവത്തിലേക്കുള്ള വഴിയാണ് വിശ്വാസിക്ക് കൈവരുന്നത്. യേശുവിന്റെ ജ്ഞാനസ്നാന അനുഭവം ഉൾകൊണ്ട് മാതൃകയായി പ്രവർത്തിക്കണമെന്നും ബിഷപ് കൂട്ടിച്ചേർത്തു. ഇടവകാംഗങ്ങളുടെ നേതൃത്വത്തിൽ ആഘോഷപൂർവമായാണ് ബിഷപ് മാർപോൾ ആലപ്പാട്ടിനെ സ്വീകരിച്ചത്.

## കാഴ്ചത്തകരാറും തലവേദനയും

എത്ര പറഞ്ഞാലും കുട്ടി ടി വിയുടെ അടുത്തിരുന്നേ കാണൂ. അങ്ങനെ ഷോർട്ട് സൈറ്റ് ആയി, കണ്ണട വയ്ക്കേണ്ടി വന്നു പൊതുവെ കേൾക്കുന്ന ആവലാതിയാണിത്. ഇതിൽ പകുതി സത്യവും പകുതി തെറ്റിദ്ധാരണയുമാണ്. ടി വിയുടെ അടുത്തിരുന്നു കണ്ടതുകൊണ്ട് ഷോർട്ട് സൈറ്റ് (ഹ്രസ്വദൃഷ്ടി) ഉണ്ടാകില്ല. നേരെമറിച്ച് ഷോർട്ട് സൈറ്റ് ഉള്ളതു കൊണ്ടാണു ടിവിയുടെ അടുത്തിരുന്നു കാണേണ്ടിവരുന്നത്. അതേസമയം, നിസാര നേത്രത്തകരാറുകൾ സ്ഥിരമായി ടിവി (കംപ്യൂട്ടർ) അടുത്തിരുന്നു കാണുന്നതുകൊണ്ട് വലിയ പ്രശ്നമായി മാറാറുണ്ടുതാനും. കണ്ണിനുണ്ടാകുന്ന പ്രശ്നങ്ങൾ ഇതൊക്കെയാണ്:

**കാഴ്ചാവൈകല്യം**

കണ്ണട വയ്ക്കേണ്ട ആവശ്യമില്ലാത്ത നിസാര കാഴ്ചത്തകരാർ മിക്കവർക്കും ഉണ്ടാകാം. പക്ഷേ ആ തകരാർ മൂലമുള്ള കാഴ്ചാപ്രശ്നം വർധിപ്പിക്കാൻ ടി വി, കംപ്യൂട്ടർ അമിത ഉപയോഗം വഴിതെളിക്കും. കുട്ടികളിലും കംപ്യൂട്ടർ പ്രഫഷനലുകളിലുമാണ് ഈ പ്രശ്നങ്ങൾ കൂടുതലായി കാണുന്നത്. ഇവർക്കാണു പിന്നീടു കണ്ണട ഉപയോഗിക്കേണ്ടിവരുന്നത്.

**തലവേദന, കണ്ണുവേദന**

കംപ്യൂട്ടർ ഗെയിമുകളിൽ ഏർപ്പെടുമ്പോൾ കുട്ടികൾ ഇമ ചിമ്മാതെ സ്ക്രീനിനു തൊട്ടടുത്താണ് ഇരിക്കുന്നത്. സാധാരണ ഗതിയിൽ മിനിറ്റിൽ 10 തവണ കുട്ടി ഇമ ചിമ്മുന്നു ണ്ടെങ്കിൽ, ഈ അവസരത്തിൽ അതു മൂന്നോ, അതിൽ കുറവോ ആകാം. കംപ്യൂട്ടർ സ്ക്രീനിലേക്ക് ഇപ്രകാരം ഒരുപാടു സമയം തറപ്പിച്ചു നോക്കിയിരിക്കുമ്പോൾ, നേത്രപേശികളിന്മേൽ സമ്മർദം കൂടുകയാണ്. ഇതും കാഴ്ചത്തകരാറും കൂടിച്ചേരുമ്പോൾ തലവേദന, കണ്ണുവേദന, കണ്ണിനു ക്ഷീണം എന്നിവ ഉണ്ടാകാനിടയുണ്ട്.

**കണ്ണ് ഈർപ്പരഹിതമാവുക**

ഇമ ചിമ്മുമ്പോഴാണു കണ്ണുനീർ ഉത്പാദനം നടന്ന് അതു കണ്ണിലാകെ വ്യാപിക്കുക. ലൂബ്രിക്കേഷന് ഈ ഈർപ്പം ആവശ്യമുണ്ട്. ഇമ ചിമ്മൽ കുറയുകയും കണ്ണിലേക്കു കാറ്റടി ക്കുകയും ചെയ്യുമ്പോൾ കണ്ണുകൾ വല്ലാതെ വരണ്ടുണങ്ങുന്നു. കണ്ണിന്റെ വെള്ള നിറത്തിലുള്ള ഭാഗം ചുവന്നുവിങ്ങി പോറൽ പോലെ പാടുകൾ വീഴുന്നത് (കോർണിയൽ ഇറിറ്റേഷൻ) ഇതു മൂലമാണ്.

**സ്യൂഡോ മയോപ്പിയ**

വളരെയധികം സമയം ടി വി/കംപ്യൂട്ടർ സ്ക്രീനിനു തൊട്ടടുത്തിരുന്നു നോക്കിയതിനു ശേഷം വളരെ അകലെയുള്ള ഏതെങ്കിലും വസ്തുവിനെ ഫോക്കസ് ചെയ്യാൻ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. ഹ്രസ്വദൃഷ്ടിയുടെ ലക്ഷണങ്ങൾ തോന്നുമെങ്കിലും താൽക്കാലികമാണ്. കുറച്ചുസമയം അകലേക്കു നോക്കിയിരുന്നാൽ സാവകാശം ഈ പ്രശ്നം മാറും.

**കണ്ണിന് അസ്വസ്ഥത**

കംപ്യൂട്ടർ സ്ക്രീനിൽ നിന്നുള്ള ഗ്ലെയർ കൂടുതൽ സമയം നേരെ കണ്ണിലേക്കു തന്നെ അടിക്കുന്നത് അസ്വസ്ഥത ഉണ്ടാക്കും. തീവ്രതയേറിയതാണ് ഈ പ്രകാശം. ചിത്രങ്ങൾ ഫ്ലിക്കർ ചെയ്തുകൊണ്ടിരിക്കുന്നു. കാർട്ടൂണുകളിലാണെങ്കിൽ ചിത്രങ്ങൾക്ക് അതിവേഗമാണ്. അതു കണ്ണിന് ആയാസമുണ്ടാക്കുന്നു.

**കണ്ണിന്റെ സംവേദനശക്തി കുറയുന്നു**

നല്ല കാഴ്ചയ്ക്കു ചിത്രവും പശ്ചാത്തലവും തമ്മിൽ കൃത്യമായ നിറവ്യത്യാസം ഉണ്ടാകണം. വെളുത്ത കടലാസിലെ കറുത്ത അക്ഷരങ്ങൾ കാഴ്ചയ്ക്ക് ഏറെ സുഖകരമാകു ന്നത് ഇതുകൊണ്ടാണ്. പക്ഷേ ടിവി/കംപ്യൂട്ടർ സ്ക്രീനിൽ പലതരം നിറങ്ങൾ മാറിമാറി വരുന്നു. അമിത ടിവി/കംപ്യൂട്ടർ ഉപയോഗം കണ്ണിന്റെ 'കോൺട്രാസ്റ്റ് സെൻസിറ്റിവിറ്റി' കുറയ്ക്കുന്നതായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. അതും കാഴ്ചയെ ബാധിക്കും.

**ക്ഷീണം, ഉന്മേഷക്കുറവ്**

കൂടുതൽ നേരം ഒരേ ഇരിപ്പിൽ ടിവി/കംപ്യൂട്ടർ കാണുമ്പോൾ തലച്ചോറിന്റെ പ്രവർത്തനവും മന്ദീഭവിക്കുന്നു. കുട്ടിക്ക് അതു കഴിയുമ്പോൾ ക്ഷീണം, ആലസ്യം, ഉന്മേഷക്കുറവ്, പഠിക്കാനോ കളിക്കാനോ താൽപര്യമില്ലായ്മ എന്നിവ ഉണ്ടാകുന്നത് ഇതുകൊണ്ടാണ്.

## വിശുദ്ധ എവുപ്രാസ്യാ

------------------------------

കോൺസ്റ്റാന്റിനോപ്പിളിൽ 382 ലാണ് വിശുദ്ധ എവുപ്രാസ്യാ ജനിച്ചത്. കുലീനരും ദൈവഭക്തരുമായിരുന്നു മാതാപിതാക്കൾ. എവുപ്രാസായുടെ പിതാവിന്റെ മരണശേഷം അമ്മ തന്റെ വിധവത്വം ഈശോയ്ക്ക് സമർപ്പിച്ച് ദൈവകേന്ദ്രീകൃതമായ ജീവിതമാണ് നയിച്ചത്. കന്യാസ്ത്രീകളുടെ ഒരുപാട് ആശ്രമങ്ങൾ ഉയർന്നു വന്ന കാലഘട്ടമായിരുന്നു അത് . ഒരു ആശ്രമത്തന്റെ സമീപത്തേയ്ക്ക് മാറിത്താമസിക്കാൻ എവുപ്രാസ്യയുടെ അമ്മ തീരുമാനിച്ചു. ഏഴുവയസ്സുകാരിയായ മകളുമൊത്ത് ആ അമ്മ പലപ്പോഴും ആശ്രമങ്ങൾ സന്ദർശിച്ചിരിന്നു. അത്തരമൊരു ദിവസമാണ് മകൾ അമ്മയോട്, ഞാൻ ആശ്രമത്തിൽ അംഗമായിചേർന്ന് ദൈവത്തെ ശുശ്രൂഷിച്ചോട്ടെ എന്ന് അനുവാദം ചോദിച്ചത്. അതു കേട്ടപ്പോൾ അമ്മയ്ക്ക് സന്തോഷംകൊണ്ട് കരച്ചിൽ വന്നു.

അമ്മ മകളെ ക്രിസ്തിരൂപത്തിന്റെ മുമ്പിലേക്ക് കൊണ്ടുപോയി. കരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തി അമ്മ ഇങ്ങനെ പ്രാർത്ഥിച്ചു, കർത്താവായ യേശുവേ, അങ്ങയുടെ പ്രത്യേകസംരക്ഷണം നല്കി ഈ മക്കളെ സ്വീകരിക്കണമേ... കാരണം നിന്നെ മാത്രമാണ് ഇവൾ സ്നേഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നത്. അതു പോലെ നീ ഇവളെയും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യേണമേ. തുടർന്ന് ആശ്രമാധിപയുടെ കൈകളിൽ മകളെ ഏല്പിച്ച്, കരഞ്ഞുകൊണ്ട് ആ അമ്മ പുറത്തേയ്ക്ക് നടന്നു. ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകി ജീവിച്ച് ആ മാതാവ് ഏതാനും വർഷങ്ങൾക്കുള്ളിൽ ഇഹലോകത്തുനിന്ന് യാത്രയായി.

അവരുടെ മരണവിവരം അറിഞ്ഞപ്പോൾ ചക്രവർത്തി തിയോഡോഷ്യസ് എവുപ്രാസ്യയുടെ സംരക്ഷണം ഏറ്റെടുക്കാനും അവളുടെ വിവാഹം നടത്താനും സന്നദ്ധനായി. പക്ഷേ തന്റെ കന്യകാത്വം ദൈവത്തിന് നേർന്നതാണെന്നും അതിനാൽ വിവാഹജീവിതത്തിന് താൻ സന്നദ്ധയല്ലെന്നും എവുപ്രാസ്യ കത്തുമുഖേന തിയോഡോഷ്യസിനെ അറിയിച്ചു. മാത്രമല്ല, തന്റെ ഭൂസ്വത്ത് അഗതികൾക്കായി വിഭജിച്ചു നല്കണമെന്നും തന്റെ കീഴിലുള്ള അടിമകളെ വിട്ടയക്കണമെന്നും അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്തു. എവുപ്രാസ്യയുടെ ആഗ്രഹങ്ങൾ അദ്ദേഹം മരണത്തിന് മുമ്പ് പൂർണ്ണമായും നിവർത്തിച്ചുകൊടുത്തു.

മാനുഷികതയുടെയും കാരുണ്യപ്രവൃത്തികളുടെയും ഉദാത്തമാതൃകയായിരുന്നു എവുപ്രാസ്യ, ഏതെങ്കിലും തരത്തിലുള്ള പ്രലോഭനങ്ങൾ നേരിടേണ്ടിവരുമ്പോൾ ആശ്രമാധിപയുടെ ഉപദേശം സ്വീകരിക്കാനും തന്നെ തന്നെ എളിമപ്പെടുത്തികൊണ്ട് വളരെ വേദനകരമായ പ്രായശ്ചിത്യം അനുഷ്ഠിക്കാനും എവുപ്രാസ്യ തയ്യാറായിരുന്നു. ചെകുത്താൻ ആദ്യകാലങ്ങളിൽ എവുപ്രാസ്യായെ പീഡിപ്പിച്ചെങ്കിലും പിന്നീട് അവയുടെ മേൽ വിജയം നേടാനും അനേകം പിശാചുബാധിതർക്ക് സൗഖ്യം നൽകാനും എവുപ്രാസ്യായ്ക്ക് കഴിഞ്ഞു. അന്ധയും ബധിരയും ശയ്യാവലംബിയുമായ ഒരു പെൺകുട്ടിയെ, കുരിശുരൂപം ഉയർത്തിപിടിച്ച് നിന്നെ സൃഷ്ടിച്ച ദൈവത്തിന്റെ നാമത്തിൽ നീ സൗഖ്യം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിച്ച് സൗഖ്യം നല്കിയ സംഭവം ജിവിചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്. 30-ാം വയസ്സിലായിരുന്നു അന്ത്യം. മാർച്ച് 13 ന് സഭ ഈ വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നു.

## മതസ്വാതന്ത്ര്യം, മത വിരുന്ധത, മത മൗലികവാദം.

---

ഭഗവദ് ഗീത റക്ഷ്യയിൽ നിരോധിച്ചത് വിവാദമായി. തീർച്ചായായും അംഗീകരിക്കാൻ കഴിയാത്ത നിലപാടാണിത്. സ്വാഭാവികമായും ഇന്ത്യൻ പാർലമെന്റ് അതിനോടു ശക്തമായി പ്രതികരിച്ചു കണ്ടു. ഗീതാ നിരോധനത്തിനെതിരായി പ്രകടനങ്ങളും പ്രക്ഷോഭങ്ങളും നടന്നു. മാർക്സിസ്റ്റുകാരും മതതമൗലികവാദികളും കൈകോർത്തു നീങ്ങുന്ന കാഴ്ച കൗതുകം ഉണർത്തുന്നതായിരുന്നു. മതസ്വാതന്ത്ര്യം അടിസ്ഥാന മൗലികാവകാശമാണ് എന്ന അടിസ്ഥാന തത്വത്തിൽ ഊന്നി നിന്നാണോ ഈ രണ്ടു കൂട്ടരും ഗീതാനിരോധനത്തിനെതിരേ പ്രതികരിക്കുന്നത് എന്ന ചോദ്യം കേവലം വാർത്ത വായനയ്ക്ക് അപ്പുറം വിചിന്തനവുമുള്ളവർ ഉയർത്തിക്കഴിഞ്ഞു.

മതസ്വാതന്ത്ര്യത്തിനെതിരായ ഏതു നീക്കവും എതിർക്കപ്പെടേണ്ടതാണ്. മനുഷ്യ മഹത്വത്തിൽ വിശ്വസിക്കുന്നവർ തീർച്ചയായും മത സ്വാതന്ത്ര്യത്തിനെതിരായ ഏതു നീക്കത്തെയും എതിർക്കാൻ തയ്യാറാകും. മത സ്വാതന്ത്ര്യം മനുഷ്യാവകാശത്തിന്റെ ഭാഗമാണ് എന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കാൻ അതു കൊണ്ടുതന്നെ എല്ലാവർക്കും കടമയുണ്ട്.

എന്നാൽ ഉത്തര കൊറിയയിലും, ചൈനയിലും എല്ലാ കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും തന്നെ മത വിരുദ്ധതയാണ് നിലനില്ക്കുന്നത്. അതിനു കാരണം മാർക്സിസ്റ്റു അടിസ്ഥാനപരമായി മതവിരുദ്ധത ഉയർത്തിപ്പിടിക്കുന്നു എന്നതു തന്നെയാണ്. ഇക്കഴിഞ്ഞ വർഷം ഇന്ത്യയിലെ മാർക്സിസ്റ്റു പാർട്ടിയുടെ സെക്രട്ടറി പാർട്ടിപത്രത്തിൽ എഴുതിയതും പാർട്ടി അംഗങ്ങൾ മതവിശ്വാസം വെടിയണമെന്നുതന്നെയാണ്. മതവിശ്വാസത്തെ നിരോധിക്കുന്ന പാർട്ടിയും പ്രസ്ഥാനവും മറ്റൊരു രാജ്യത്തെ മത സ്വാതന്ത്ര്യത്തിനുവേണ്ടി രംഗത്തു വരുന്നതു കൗതുതമുണർത്തുന്ന കാപട്യം തന്നെയാണ്. അത് ഒരു പക്ഷേ രാക്ഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി നടത്തുന്ന അടവുനയവുമാകാം.

ഇന്ത്യയിലെ മത മൗലികവാദികൾ മറ്റു മതവിശ്വാസങ്ങൾക്കെതിരേ ശക്തമായ കലാപങ്ങൾ ഉയർത്തുന്നത് വാർത്താമാധ്യമങ്ങളിൽ കാണാറുണ്ട്. ഒറീസ്സയിലെ കണ്ഡമാലും മറ്റും അതിനുള്ള തെളിവുകളാണ്. അനേകരെ കൊലക്കു കൊടുത്ത അവിടെ ഇപ്പോഴും പീഡനങ്ങൾ നടമാടുന്നു. മതസ്വാതന്ത്ര്യവും മനസാക്ഷി സ്വാതന്ത്ര്യവും തങ്ങളുടെ തട്ടകത്തിൽ അനുവദിക്കാത്ത ഇന്ത്യയിലെ മത മൗലികവാദികൾ മറ്റൊരു രാജ്യത്തെ മത സ്വാതന്ത്ര്യത്തിനുവേണ്ടി പ്രക്ഷോഭം നടത്തുന്നതും കറുത്ത കൗതുകമാണ് ഉയർത്തുന്നത്.

മതസ്വാതന്ത്ര്യവും മനുഷ്യമഹത്വവും മനുഷ്യവകാശങ്ങളും ഉയർത്തിപ്പിടിക്കാൻ മനുഷ്യന്റെ നന്മയെ കാംക്ഷിക്കുന്നവർ രംഗത്തിറങ്ങണം. എന്നാൽ ചില പ്രശ്നങ്ങളെ തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾക്കായി ഉപയോഗിക്കുന്ന കപടനാട്യക്കാരെ തിരിച്ചറിഞ്ഞ് സമൂഹത്തിൽ പ്രതികരിക്കാത്ത നമ്മൾക്കു കഴിയേണ്ടതുണ്ടു.

ഫാ.ഫിലിപ്പ് നെല്പൂരപറമ്പിൽ

"Jagratha News" - An internet news service is free and for private circulatio
Web: www.kcbcsocialharmony.org Blog: jagrathakcbc.blogspot.com
Designed and Edited by , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA